LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചങ്ങനാശ്ശേരി താലൂക്കിലെ തൃക്കൊടിത്താനം, കറിച്ചി വില്ലേജ് ഓഫീസുകളുടെ കോമ്പൗണ്ടിൽ ക്വാർട്ടേഴ്സ് നിർമ്മിക്കുവാനുള്ള പദ്ധതിക്ക് 3-6-2014-ലെ സ.ഉ (സാധാ) നമ്പർ 2413/2014/ആർ.ഡി. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) റസിഡൻഷ്യൽ ക്വാർട്ടേഴ്സ് പണിയുന്നതിന് പൊതുമരാമത്ത് വകുപ്പ് മുഖേന ടെണ്ടർ നടപടികൾ നടന്നുവരുന്നു.

(സി) നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ടി പണികൾ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

നെയ്യാറ്റിൻകര മണ്ഡലത്തിലെ റിവർമാനേജ്മെന്റ് ഫണ്ട് പ്രവൃത്തികൾ

164 (3913) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റിവർമാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നെയ്യാറ്റിൻകര മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റിവർമാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നെയ്യാറ്റിൻകര മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

1 നെയ്യാറിന്റെ ഇടതുകര സംരക്ഷണം - ചെങ്കൽ പഞ്ചായത്തിലെ കാഞ്ഞിരമൂട്ട് കടവ്

2 നെയ്യാറിന്റെ വലതുകര സംരക്ഷണം - നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ വ്ളാങ്കമുറി കടവ്

3 നെയ്യാറിന്റെ ഇടതുകര സംരക്ഷണം - ചെങ്കൽ പഞ്ചായത്തിലെ കിടയിൻമൂല കടവ്

4 നെയ്യാറിന്റെ ഇടതുകര സംരക്ഷണം - കളത്തൂർ ഗ്രാമ പഞ്ചായത്തിലെ ചാലക്കര കടവ്.